ഭരണഭാഷമാതൃഭാഷ

നമ്പർ.എസ്.എ(2) 762/2021

കാർഷികവികസന കർഷകക്ഷേമ വകുപ്പ്
ഡയറക്ടേറ്റ്, തിരുവനന്തപുരം- 695033
തീയതി: 04.04.2022

**<u>സർക്കുലർ</u>**

വിഷയം : കാർഷിക വികസന കർഷകക്ഷേമ വകുപ്പ്- 2022 വർഷത്തെ ഓൺലൈൻ പൊതുസ്ഥലം മാറ്റ നടപടികൾ- സമയക്രമം പുനഃക്രമീകരിക്കുന്നത് -സംബന്ധിച്ച്

സൂചന : 1. സ.ഉ(പി)നം.3/2017/ഉ.ഭ.പ.വ. തീയതി. 25/2/2017

2. സ.ഉ(സാധാ)നം.147/2022/കൃഷി തീയതി: 21/2/2022

3. ഈ കാര്യാലയത്തിലെ 16/3/2022 തീയതിയിലെ ഇതേ നമ്പർ സർക്കുലർ

4. ഈ കാര്യാലയത്തിലെ 25/3/2022 തീയതിയിലെ ഇതേ നമ്പർ സർക്കുലർ

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ കീഴിലെ ജീവനക്കാരിൽ നിന്നും 2022 വർഷത്തെ പൊതുസ്ഥലംമാറ്റത്തിനായുള്ള അപേക്ഷ ക്ഷണിച്ചുകൊണ്ട് സൂചന (3) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു. ഓൺലൈൻ സ്ഥലം മാറ്റ നടപടികൾക്കുള്ള സമയക്രമം സൂചന (4) സർക്കുലർ പ്രകാരം ഭേദഗതി ചെയ്തിരുന്നു . എന്നാൽ സാങ്കേതിക കാരണങ്ങളാൽ നിലവിൽ DDO-മാർക്ക് ജില്ലാതല അധികാരിക്ക് അപേക്ഷകൾ ഓൺലൈനായി അയക്കുന്നതിനു തടസ്സങ്ങൾ നേരിടുന്നതായി റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്. ആകയാൽ DDO- മാർക്ക് ജില്ലാ അധികാരിക്ക് അപേക്ഷ അയക്കുന്നതിനു കൂടുതൽ സമയം അനുവദിക്കണമെന്നും അഭ്യർത്ഥിച്ചിട്ടുണ്ട് . മേൽ സാഹചര്യത്തിൽ DDO-മാർക്ക് ജില്ലാ അധികാരിക്ക് (പ്രിൻസിപ്പൽ കൃഷി ഓഫീസർ ) ഓൺലൈൻ സ്ഥലം മാറ്റ അപേക്ഷകൾ അയക്കുന്നതിനുള്ള സമയപരിധി 06/04/2022 തീയതി വരെ ദീർഘിപ്പിച്ചിരിക്കുന്നു സൂചന (4) സർക്കുലറിൽ പരാമർശിക്കുന്ന മറ്റു തീയതികൾ/ സമയക്രമം എന്നിവ മാറ്റമില്ലാതെ തുടരുന്നതായിരിക്കും.

ഒപ്പ് /-
**കൃഷി ഡയറക്ടർ**

കൃഷി വകുപ്പിലെ എല്ലാ ജീവനക്കാർക്കും

പകർപ്പ് : കൃഷിവകുപ്പിന്റെ കീഴിലുള്ള എല്ലാ ഓഫീസ് മേധാവികൾക്കും
കൃഷിഡയറക്ടറുടെ പിഎ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സിഎ
നോട്ടീസ് ബോർഡ് / വെബ്സൈറ്റ്.
ഫയൽ / കരുതൽ ഫയൽ / റെക്കോർഡ്സ് വിഭാഗം.

BINDU MOL. T
Administrative Assistant III
Agriculture Development &
Farmers Welfare Department
Vikas Bhavan, Trivandrum